(ബി) പ്രസ്തുത കോഴ്സുകളിൽ പി.എസ്.സി. അംഗീകാരം ഇല്ലാത്തവ ഏതെല്ലാം ; പി.എസ്.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് അധ്യാപകരോ അടിസ്ഥാന സൗകര്യങ്ങളോ കോളേജുകളിൽ ലഭ്യമാണോ ;

(ഡി) പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ സിലബസ് അവസാനമായി പരിഷ്കരിച്ചത് എന്നാണ് ; സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ സമഗ്രമായി പരിഷ്കരിക്കുന്നതിനും സർക്കാർ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങൾ വ്യാജകോഴ്സുകൾ നടത്തുന്നത് തടയാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ബി) മുകളിൽ പറഞ്ഞവയിൽ 5,6,7,8,9,10 നമ്പർ കോഴ്സുകൾ പഠിച്ച കുട്ടികളെ നിലവിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് സർക്കാർ പരിഗണനയിലാണ്. പ്രസ്തുത കോഴ്സുകളും ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിന് അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷമാണ് കോഴ്സുകൾ പഠിപ്പിക്കുന്നതിന് അംഗീകാരം നൽകുന്നത്.

(ഡി) സിലബസ് പരിഷ്കരിച്ചിട്ടില്ല. പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റി കോളേജായി പ്രഖ്യാപിക്കാൻ നടപടി

85 (6790) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിനെ ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി കോളേജ് ആയി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

86 (6791) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ബിരുദ കോഴ്സ്

87(6792) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ മെഡിക്കൽ കോളേജിൽ നിലവിലുള്ള പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് പുറമേ ബിരുദ കോഴ്സുകൾകൂടി ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ ;

(സി) പി.ജി. കോഴ്സുകൾ ഉണ്ടെങ്കിലും ഡിഗ്രി കോഴ്സുകൾ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ഡിഗ്രി കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ പി.ജി. കോഴ്സുകളോ ഡിഗ്രി കോഴ്സുകളോ നിലവിലില്ല.

(ഡി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly